# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *68      28.09.2016-ൽ മറുപടിയ്ക്ക്

## പട്ടികഗോത്ര വർഗ്ഗ ഭവന നിർമ്മാണ പദ്ധതി

**ചോദ്യം**

ശ്രീ.കെ.വി.വിജയദാസ്
ശ്രീ. രാജു എബ്രഹാം
ശ്രീ.ഒ. ആർ. കേളു
ശ്രീ.പി.വി. അൻവർ

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും
വകുപ്പുമന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പട്ടികഗോത്രവർഗ്ഗക്കാരുടെ ഭവന നിർമ്മാണത്തിനായി ഈ വർഷം നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; | എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഭവന രഹിതരായ 5000 കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നതിനും മുൻ വർഷങ്ങളിൽ വിവിധ ഭവനനിർമ്മാണ പദ്ധതികൾ മുഖാന്തിരം അനുവദിച്ചതും പണി പൂർത്തിയാകാത്തതുമായ വീടുകളുടെ പൂർത്തീകരണത്തിനും, ആവശ്യകതയനുസരിച്ച് പഴയ വീടുകളുടെ പുനരുദ്ധാരണത്തിനും ധനസഹായം അനുവദിക്കുന്നതിന് നടപ്പ് സാമ്പത്തികവർഷം ലക്ഷ്യമിട്ടിട്ടുണ്ട്. |
| ബി) | മുൻ വർഷങ്ങളിൽ വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ച വീടുകളിൽ സർക്കാർ സഹായധനം നൽകാത്തതും പണിതുടങ്ങാത്തതും പണി പൂർത്തിയാകാത്തതുമായ വീടുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഇവ പൂർത്തീകരിക്കാനായി എന്തു നടപടി | ബി) | ഉണ്ട്. 2011 മുതൽ 2016 വരെ ഒട്ടാകെ 17472 വീടുകൾ അനുവദിച്ചതിൽ 2695 വീടുകൾ മാത്രമാണ് പൂർത്തീകരിച്ചത്. സ്പിൽ ഓവർ ആയി ബാക്കിയായ 14777 വീടുകൾ പൂർത്തീകരിക്കാനുണ്ട്. ഇതിനു പുറമെ ഐ.എ.വൈ പദ്ധതിയിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വീടിന് ഒരു ലക്ഷം രൂപ |

| | | | |
|---|---|---|---|
| | സ്വീകരിക്കുമെന്ന് അറിയിക്കുമോ; | | വീതം നൽകാൻ കഴിയാത്തതിനാൽ 18290 വീടുകളുടെ പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. മുൻവർഷങ്ങളിൽ വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ച വീടുകളിൽ നിയമപ്രകാരം എഗ്രിമെന്റ് വെച്ച വീടുകളിൽ മറ്റ് തടസമൊന്നുമില്ലാത്ത മുഴുവൻ വീടുകൾക്കും നിർമ്മാണം ആരംഭിക്കുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. വിവിധ പദ്ധതികൾ പ്രകാരം അനുവദിച്ച വീടുകളിൽ പണി പൂർത്തിയാകാത്ത വീടുകളുടെ വിശദാംശം ശേഖരിക്കുകയും, ആയവ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്ത് വരുന്നു. ഹഡ്കോ, ഐ.എ.വൈ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾക്ക് വകുപ്പിൽ നിന്നുള്ള വിഹിതമായ വീടൊന്നിന് ഒരു ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| സി) | പട്ടികഗോത്രവർഗ്ഗ സങ്കേതങ്ങളിൽ വലിയൊരുഭാഗം ദുർഗമ സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നത് വീട്ടു നിർമ്മാണ ചെലവ് വർദ്ധിപ്പിക്കുന്നതു കണക്കിലെടുത്ത് അധിക തുക ലഭ്യമാക്കുമോ? | സി) | പട്ടികവർഗ്ഗ സങ്കേതങ്ങളിൽ കൂടുതലും ഉൾവനങ്ങളിലും, ദുർഘട മേഖലകളിലുമാണ് സ്ഥിതി ചെയ്യുന്നത്. ടി മേഖലകളിൽ ഭവനനിർമ്മാണം നിലവിലെ നിരക്കിൽ പൂർത്തീകരിക്കാനാകാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ ഇത്തരം പ്രദേശങ്ങളിൽ വീട് നിർമ്മിക്കുന്നതിനുള്ള സാധന സാമഗ്രികൾ സ്ഥലത്തെത്തിക്കുന്നതിനുള്ള ചുമട്ടു കൂലി കൂടി കണക്കിലെടുത്താണ് പട്ടികവർഗ്ഗക്കാരുടെ ഭവന നിർമ്മാണ ഗ്രാന്റായി 3.5 ലക്ഷം രൂപ വീതം അനുവദിക്കുന്നത്. പട്ടികജാതി വിഭാഗക്കാർക്ക് ഭവനനിർമ്മാണ ഗ്രാന്റായി മൂന്ന് ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയാണ് അനുവദിക്കുന്നത്. നിർമ്മാണ സാമഗ്രികളുടെ വിലയിലും തൊഴിലാളികളുടെ കൂലിയിലുമുണ്ടായ വർദ്ധനവും കണക്കിലെടുത്ത് പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ ഗ്രാന്റ് കാലോചിതമായി വർദ്ധിപ്പിക്കേണ്ടതുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |

[signature]

സെക്ഷൻ ഓഫീസർ